**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 759** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഉഴവൂർ - കല്ലട കോളനി നിവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഉഴവൂർ ഗ്രാമ പഞ്ചായത്ത് ആറാം വാർഡിലെ കല്ലട കോളനി നിവാസികളുടെ വീട്ടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പ്രസ്തുത കോളനിയിൽ ആകെ 13 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളതിൽ 5 വീട്ടുകളിൽ കോളനി അലോട്ട്മെന്റ് സമയത്തെ യഥാർത്ഥ ഗുണഭോക്താക്കളല്ല താമസിക്കുന്നത്. കോളനിയിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി SCSP ഫണ്ട് ഉപയോഗിച്ച് ഉഴവൂർ ഗ്രാമപഞ്ചായത്ത് ഒരു വീടിന് മെയിന്റൻസ് അനുവദിച്ചിരുന്നു. ശോച്യാവസ്ഥയിലുള്ള 2 എസ്.സി.വീട്ടുകൾ നിലവിൽ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ ഭവനരഹിത ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനിയിലെ ഒരു വീടിന് ഗ്രാമപഞ്ചായത്തും ഒരു വീടിന് വകുപ്പും പഠനമുറി നൽകിയിട്ടുണ്ട്. |
| (ബി) | ഈ കോളനിയിലെ സ്ഥിരതാമസക്കാരായ അന്തേവാസികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | ലൈഫ് മിഷൻ മുഖേനയും SCSP ഫണ്ടും വകുപ്പിന്റെ പഠനസഹായവും വിനിയോഗിച്ച് പ്രസ്തുത കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഈ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിന് കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ അനുവാദം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പ്രസ്തുത കോളനി സ്ഥിതി ചെയ്യുന്നത് ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിലായതിനാൽ ബോർഡുമായി ചേർന്ന് പരിശോധിച്ച് മാത്രമേ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയൂ. |
| (ഡി) | ഈ കോളനിയിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നല്കാൻ നടപടി സ്വീകരിക്കുമോ; യഥാർത്ഥ ഉടമകളുടെ പിന്നാക്കാവസ്ഥ മാറിയതിനാൽ അവർക്ക് പകരം വന്നവർക്ക് ഉടമസ്ഥാവകാശം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത കോളനിയിൽ നിലവിൽ താമസിച്ചു വരുന്ന 41 കുടുംബങ്ങളിൽ 13 എസ്.സി. കുടുംബങ്ങളാണ് ഉള്ളത്. അതിൽ 8 കുടുംബങ്ങൾ മാത്രമാണ് യഥാർത്ഥ അലോട്ട്മെന്റ് ലഭിച്ചവർ. നിലവിൽ താമസമില്ലാത്ത യഥാർത്ഥ ഭൂവുടമയുടെ നിലവിലെ സാഹചര്യം പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം മാത്രമേ പകരം വന്നവർക്ക് ഉടമസ്ഥാവകാശം |

| | | | |
|---|---|---|---|
| | | | നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ